LIBRARY ARCHIVES Kerala Legislative Assembly

വിദ്യുച്ഛക്തി ബോർഡിലെ സ്ഥലമാറ്റങ്ങൾക്കുള്ള മാനദണ്ഡം

41 (2319) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യുച്ഛക്തി ബോർഡിലെ ഓഫീസർമാരുടെ സ്ഥലമാറ്റങ്ങൾക്ക് മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ടുള്ള 1996-ലെ നിർദ്ദേശങ്ങൾ നിലനിൽക്കുന്നുണ്ടോ ;

(ബി) അത് ലംഘിച്ചുകൊണ്ടുള്ള സ്ഥലം മാറ്റങ്ങൾ തിരുത്തുമോ ;

(സി) 2001 ജൂണിന് ശേഷം ഓരോ മാസവും ഇലക്ട്രിസിറ്റി ബോർഡിൽ നടത്തിയിട്ടുള്ള സ്ഥലം മാറ്റങ്ങളുടെ തസ്തിക തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പൊതുവേ 23-12-1996-ലെ ബോർഡ് ഓർഡർ പ്രകാരം നിശ്ചയിച്ച സ്ഥലംമാറ്റ മാനദണ്ഡങ്ങൾക്ക് വിധേയമായിട്ടാണ് ഓഫീസർമാരുടെ സ്ഥലംമാറ്റം നടത്തിയിട്ടുള്ളത്.

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു*.

വൈദ്യുതി റഗുലേറ്ററി അംഗങ്ങൾ ചെലവഴിച്ച തുക

42 (2320) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വൈദ്യുതി റഗുലേറ്ററി കമ്മീഷനിലെ ചെയർ പേഴ്സണും അംഗങ്ങൾക്കും വേണ്ടി നാളിതുവരെ ഗവൺമെന്റ് എന്ത് തുക ചെലവഴിച്ചിട്ടുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

കമ്മീഷൻ നിലവിൽ വന്ന 29-11-2002 മുതൽ 30-6-2003 വരെ ചെയർമാനും മെമ്പർക്കും വിവിധ ഇനങ്ങളിൽ നൽകിയ തുക ചുവടെ ചേർക്കുന്നു.

ഇനം	ചെയർമാൻ	മെമ്പർ	ആകെ
ശമ്പളം (വീടുവാടക ഉൾപ്പെടെ)	225175.00	229543.00	454718.00
കൺവേയൻസ് അലവൻസ്	197.00	390.00	567.00
ടി.എ. (വിമാന ടിക്കറ്റ് ഉൾപ്പെടെ)	51230.00	12780.00	64020.00
റീ-ഇംപേഴ്സ്മെന്റ് ഓഫ് ന്യൂസ് പേപ്പർ ചാർജ്ജസ്)	475.00	-	475.00
ആകെ	277077.00	242723.00	519800.00

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്